**കേരള സർക്കാർ**

**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം**

**(ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

**നോട്ടിഫിക്കേഷൻ**

നം:എ5/2032/17/എസ്സ്.സി.എൽ തീയതി: 22 /05/2017

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ കേരള സർക്കാർ നടത്തുന്ന ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

പ്രവേശന യോഗ്യത : എസ്.എസ്.എൽ.സി./തത്തുല്യമായ പരീക്ഷ പാസായിരിക്കണം (ഗ്രേഡിംഗ് ആണെങ്കിൽ ഉന്നത വിദ്യാഭ്യാസ ത്തിനുള്ള അർഹത നേടിയിരിക്കണം)

കോഴ്സ് കാലാവധി : ആറുമാസം., പഠനം നാലുമാസം. ജി.ഒ.(ആർ.റ്റി) നം. 1815/05/ഉ.വി.വ തീയതി 25/10/05 അനുസരിച്ചുള്ള "ഏൺ വൈൽ യു ലേൺ" പദ്ധതി പ്രകാരമുള്ള തൊഴിൽ പരിചയം രണ്ടുമാസം.

സീറ്റുകളുടെ ലഭ്യത : ആകെ 41 സീറ്റുകൾ. താഴെപ്പറയും പ്രകാരം സീറ്റുകൾ വിഭജിച്ചിരിക്കുന്നു.

| | |
|---|---|
| 1. ജനറൽ മെരിറ്റ് | 18 |
| 2. കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് | 2 |
| 3. ലൈബ്രറി എംപ്ളോയീസ് | 1 |
| 4. ലക്ഷദ്വീപ് നിവാസികൾ | 2 |
| 5. കന്നട ഭാഷ പഠിച്ച വിദ്യാർത്ഥികൾ | 3 |
| 6. തമിഴ് ഭാഷ പഠിച്ച വിദ്യാർത്ഥികൾ | 2 |
| 7. പട്ടികജാതി വിദ്യാർത്ഥികൾ | 3 |
| 8. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | 1 |
| 9. ഈഴവ | 2 |
| 10. മുസ്ലീം | 2 |
| 11. ലാറ്റിൻ കാത്തലിക് | 1 |
| 12. എസ്.ഐ.യു.സി. യ്ക്കും മതപരിവർത്തനം നടത്തിയിട്ടുള്ള ക്രിസ്റ്റ്യൻ എസ്.സി./എസ്.റ്റി | 1 |
| 12. മറ്റ് പിന്നോക്ക ഹിന്ദുക്കൾ | 2 |
| 13. അംഗവൈകല്യമുള്ളവർ | 1 |
| ആകെ | 41 |

| | | |
|---|---|---|
| പ്രവേശന രീതി | : | യോഗ്യതാ പരീക്ഷയിൽ ലഭിച്ചിട്ടുള്ള മാർക്കിനെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും പ്രവേശനം നൽകും. ഉയർന്ന യോഗ്യതകൾക്ക് പ്രത്യേക പരിഗണന നൽകുന്നതല്ല. ജി.ഒ.(എം.എസ്) നം.221/86/ഉ.വി.വ തീയതി 29/08/1986 പ്രകാരം സർക്കാർ നിയോഗിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റിയാണ് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് അംഗീകരിക്കുന്നത്. |
| ഹോസ്റ്റൽ | : | വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല. |
| അപേക്ഷിക്കേണ്ടവിധം | : | 2017 ജൂൺ 1 മുതൽ 2017 ജൂൺ 30 വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഓഫീസിൽ നിന്നും അപേക്ഷാഫാറവും പ്രോസ്പെക്റ്റസും നേരിട്ട് ലഭിക്കുന്നതാണ്. തപാൽ വഴി അപേക്ഷാഫോറവും, പ്രോസ്പെക്ടസും വേണ്ടവർ സ്വന്തം മേൽവിലാസമെഴുതി ആവശ്യത്തിന് തപാൽ സ്റ്റാമ്പ് പതിച്ച കവർ സഹിതം സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപേക്ഷിക്കണം www.statelibrary.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രോസ്പെക്ടസും നോട്ടിഫിക്കേഷനും അപേക്ഷാഫാറവും ലഭ്യമാണ്. |

പ്രത്യേക ശ്രദ്ധയ്ക്ക്

പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 2017 ജൂൺ 30, 5 PM. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനുശേഷം വിദ്യാർത്ഥികൾക്ക് പ്രത്യേകമായി അഭിമുഖത്തിനുള്ള അറിയിപ്പ് അയയ്ക്കുന്നതാണ്.

നോട്ട്

തപാൽ മാർഗ്ഗത്തിലുള്ള കാലതാമസങ്ങൾക്ക് വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

കോഴ്സ് സംബന്ധമായ എല്ലാ അന്വേഷണങ്ങൾക്കും താഴെപ്പറയുന്നവരെ ബന്ധപ്പെടാവുന്നതാണ്.

ശ്രീമതി. പി. കെ. ശോഭന
സ്റ്റേറ്റ് ലൈബ്രേറിയൻ, (കോഴ്സ് ഡയറക്ടർ)
ടെലഫോൺ. 0471-2322895 (40)
0471-2330321
മൊബൈൽ. 9447781895